എയ്ഡഡ് ഹയർ സെക്കണ്ടറി മേഖലയിൽ കഴിഞ്ഞ മൂന്നു വർഷമായി അംഗീകാരം ലഭിക്കാത്തതിനാൽ ശമ്പളം ലഭിക്കാത്ത എത്ര അദ്ധ്യാപകർ ഉണ്ടെന്നു് അറിയിക്കാമോ?

ഉത്തരം

എയ്ഡഡ് ഹയർ സെക്കണ്ടറി മേഖലയിൽ 2002 അദ്ധ്യയന വർഷം മുതൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടില്ലാത്തതിനാൽ സ്റ്റാഫ് ഫിക്സേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടില്ല. സ്റ്റാഫ് ഫിക്സേഷൻ പൂർത്തിയാകുമ്പോൾ മാത്രമേ എത്ര അദ്ധ്യാപകർ ഉണ്ടെന്നു് വ്യക്തമായി അറിയുവാൻ കഴിയൂ.

സേ പരീക്ഷ പാസായവർക്ക് +1 പുതിയ അപേക്ഷകൾ നൽകുവാൻ നടപടി

97 [2411] ശ്രീ. സി. ടി. അഹമ്മദ് അലി:
,, സി. മോയിൻകുട്ടി:
,, ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ എസ്. എസ്. എൽ. സി. പരീക്ഷയിൽ തോറ്റ നൂറുകണക്കിനു് വിദ്യാർത്ഥികൾ സേ പരീക്ഷ പാസ്സായി എങ്കിലും +1 കോഴ്സിനു് അപേക്ഷിക്കാനുള്ള അവസാന തീയതിയും കഴിഞ്ഞു് റിസൾട്ട് പ്രസിദ്ധീകരിച്ചതിനാൽ +1 പ്രവേശനത്തിനു് അപേക്ഷ നൽകാൻ സാധിച്ചിട്ടില്ല, എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലുള്ള +1 ബാച്ചിലെ വിദ്യാർത്ഥികളുടെ എണ്ണം 75 ആയി വർദ്ധിപ്പിച്ചു് സേ പരീക്ഷ പാസ്സായവർക്കു് +1നു് പുതിയ അപേക്ഷ നൽകുവാൻ കഴിയുംവിധം വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. എസ്. എസ്. എൽ. സി. 'സേ' പരീക്ഷ പാസ്സായ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർക്കു് ഹയർ സെക്കണ്ടറി കോഴ്സിനു് അപേക്ഷിക്കാനുള്ള തീയതി ജൂലായ് 22 വരെ ദീർഘിപ്പിച്ചിട്ടുണ്ടായിരുന്നു.

(ബി) നിലവിലുള്ള ഓരോ ബാച്ചിലും 10% സീറ്റ് വർദ്ധനവ് അനുവദിച്ചു് ഉത്തരവായിട്ടുണ്ട്. കൂടാതെ അൺ-എയ്ഡഡ് മേഖലയിൽ 32 ഹയർ സെക്കൻഡറി സ്കൂളുകളും അനുവദിച്ചു് ഉത്തരവായിട്ടുണ്ട്. ഗവൺമെൻറിനു് സാമ്പത്തിക ബാദ്ധ്യത ഇല്ലാതെ കൂടുതൽ അൺ-എയ്ഡഡ് കോഴ്സുകൾ അനുവദിക്കുന്ന കാര്യം ഗവൺമെൻറ് പരിശോധിക്കുന്നുണ്ട്.

എയിഡഡ് സ്കൂളുകളിൽ +2

98 [2412] ശ്രീ ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. പാസ്സായി ഉന്നതവിദ്യാഭ്യാസത്തിനു് ആഗ്രഹിക്കുന്നവർക്കെല്ലാം +2 കോഴ്സിനു് പ്രവേശനം കിട്ടാതെ വിദ്യാർത്ഥികൾ ബുദ്ധിമുട്ടുന്നതു് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly